# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:966

30.01.2019-ലെ മറുപടി

## ജലനിധി പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.ടി.ബൽറാം | | കെ. കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | ജലനിധി ഒന്നാം ഘട്ടത്തിൽ നടപ്പിലാക്കിയ പദ്ധതികളിൽ മൂന്നിലൊന്നോളം പദ്ധതികൾ ഭാഗികമായോ പൂർണ്ണമായോ പ്രവർത്തന രഹിതമായതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | ഇത് സംബന്ധിച്ച് എ.ജി.യുടെ കണ്ടെത്തലുകൾ എന്തൊക്കെയാണ്; പ്രസ്തുത കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (ബി) & (സി) | സി&എ.ജി. നടത്തിയ ജലനിധി ഒന്നാം ഘട്ടപദ്ധതിയുടെ പെർഫോമൻസ് അസസ്സ്മെന്റ് പ്രകാരം ജലനിധി ഒന്നാം ഘട്ടത്തിൽ പൂർത്തിയാക്കിയ ഏകദേശം മൂന്നിലൊന്നോളം പദ്ധതികളും പലകാരണങ്ങളാൽ ഭാഗികമായോ പൂർണ്ണമായോ പ്രവർത്തന രഹിതമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത കുടിവെള്ള പദ്ധതികൾ പുനരുദ്ധരിക്കുന്നതിന് കെ.ആർ.ഡബ്ല്യൂ.എസ്സ്.എയിലൂടെ സർക്കാർ നടപടികൾ കൈക്കൊള്ളണമെന്നും ജലനിധി പദ്ധതി അനുസരിച്ച് നിർമ്മിച്ച് നൽകുന്ന കുടിവെള്ള പദ്ധതികളുടെ പുനരുദ്ധാരണത്തിന് സർക്കാർ കെ. ആർ.ഡബ്ല്യൂ.എസ്സ്.എയിലൂടെ സ്ഥിരമായി സാങ്കേതിക/ സാമ്പത്തിക സഹായം നൽകുന്നതിനുള്ള സംവിധാനമുണ്ടാക്കണമെന്നും ശുപാർശ ചെയ്തിട്ടുണ്ട്. ആയതിനാൽ പൊതുജനസമൂഹങ്ങളുടെ മേൽനോട്ടത്തിലും പരിപാലനത്തിലുമുള്ള കുടിവെള്ള പദ്ധതികളുടെ സുസ്ഥിരത ഉറപ്പുവരുത്തുന്നതിന് ചുവടെ ചേർത്തിരിക്കുന്ന പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>• ഗുണഭോക്തൃ സമിതികളുടെ സഹായത്തോടുകൂടിയുള്ള കുടിവെള്ള പദ്ധതികളുടെ സുസ്ഥിരത ഉറപ്പുവരുത്തുന്നതിന് ഗ്രാമപഞ്ചായത്തുകളെ ശാക്തീകരിക്കുകയും പദ്ധതി പരിപാലനത്തിന് പൊതുവായ മാർഗ്ഗരേഖ നൽകുകയും ചെയ്യുക.<br>• കുടിവെള്ള പദ്ധതികൾ നേരിടുന്ന പ്രശ്നങ്ങൾ |
| (സി) | പ്രസ്തുത പദ്ധതികളുടെ പുനരുദ്ധാരണത്തിനായി നടപടി സ്വീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ? | | |

| ചോദ്യം | | | മറുപടി |
|---|---|---|---|
| | | | പരിഹരിക്കുന്നതിന് സാങ്കേതിക സാമൂഹിക മേഖലകളിൽ മികവുള്ള സഹായ സംഘടനകളെ ചുമതലപ്പെടുത്തുക.<br>• കുടിവെള്ള പദ്ധതികളുടെ പ്രവർത്തനങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് യോഗ്യരായ പ്രൊഫഷണലുകളെ / സ്ഥാപനങ്ങളെ നിയോഗിക്കുന്നതിന് അധികാരമുള്ള സംസ്ഥാനതല GRM സെൽ രൂപീകരിക്കുക.<br>• പദ്ധതി ഉപകരണങ്ങൾ മാറ്റുന്നതിനും നിർമ്മാണപ്രവർത്തനങ്ങൾക്കും 25000 രൂപയ്ക്ക് മേൽവരുന്ന ചെലവുകൾക്ക് സാമ്പത്തിക സഹായം അനുവദിക്കുക.<br><br>മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്ക് പതിമൂന്നാം പഞ്ചവൽസര പദ്ധതിയിൽ തുക വകയിരുത്താൻ തീരുമാനിച്ചതനുസരിച്ച് 2018-19 ൽ 10 കോടി രൂപയുടെ ഭരണാനുമതി നൽകി. എന്നാൽ പ്രളയക്കെടുതിമൂലം ജലനിധി ഒന്നാം ഘട്ടത്തിലെ നിരവധി ശുദ്ധജലവിതരണ പദ്ധതികൾ പൂർണ്ണമായോ/ ഭാഗികമായോ തകർന്നതിനാൽ അവ പുനസ്ഥാപിക്കുന്നതിന് നേരത്തെയുണ്ടായിരുന്ന 10 കോടി രൂപയിൽനിന്നും 5 കോടി രൂപ വകമാറ്റുകയും 5 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. പ്രവർത്തനരഹിതമായ ജലനിധി ഒന്നാം ഘട്ടത്തിലെ പദ്ധതികൾ ഈ തുക വിനിയോഗിച്ച് നടപ്പ് സാമ്പത്തിക വർഷം തന്നെ പുനരുദ്ധരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

Sd/-

**സെക്ഷൻ ഓഫീസർ**